ഡോക്ടർ മിസ്സിസ്സ് ടി. ഫ്റാൻസിസ്സ്: സർ, ഈ വകകായ്ത്തുകൊക്കെ പല പ്രാവശ്യവും സ്കീമുകൾ (Schemes) ഉണ്ടായിട്ടുണ്ട്. ഈ വകകായ്ത്തുകളിൽ ഏതെങ്കിലും ഒരു സംഗതി എടുത്തു വല്ലതും ചെയ്യണമെന്നുള്ള വിചാരം ഗവണ്മെണ്ടിനു് ഇതെവരെയായിട്ടും ഉണ്ടായിട്ടുണ്ടോ? പണത്തിനു ബുദ്ധിമുട്ടുണ്ടായിരുന്നില്ലാത്ത അവസരത്തിൽ പോലും ഈ കായ്ം സാധിച്ചിട്ടില്ല. ഒരിയ്ക്കൽ ഞാനും ഇവിടത്തെ മുനിസിപ്പൽ ചെയർമാനും ഒന്നിച്ചുനടക്കുമ്പോൾ ഇതിന്റെ ദുഷ്യവശങ്ങളെപ്പറ്റി അദ്ദേഹത്തിനു മനസ്സിലാക്കികൊടുത്തിട്ടുണ്ട്. അതുകൊണ്ടു് ഈ കായ്ത്തിൽ ശരിയായിട്ടുള്ള ഒരു (Plan) എടുത്തു് തൃശ്ശൂർ, മട്ടാഞ്ചേരി, എറണാകുളം എന്നീ ടൌണുകളിൽ കുറെയ്ക്കു കുറ്റെയെങ്കിലും ഇംപ്രൂവുമെൻറ് (Improvement) വരുത്തുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

*Resolution, by leave, withdrawn.*

*Resolutions 20 and 21 were not moved.*

## RESOLUTION No. 22

### Instructions to Police regarding behaviour towards arrested persons

മിസ്റ്റർ സി. വി. ഇയ്യു: Sir, I am moving my resolution. The resolution is very harmless and no civilised Government could find it difficult to accept it. I shall read the resolution.

"അറസ്റ്റ് ചെയ്യപ്പെടുന്ന പൊതു പ്രവർത്തകരെ അലംനഗരായി റോഡുകളിൽ നടത്തുക തുടങ്ങിയ പതിവുകൾ ഉപേക്ഷിക്കുവാൻ പോലീസിനു് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാൻ 'ഈ സഭ ഗവണ്മെണ്ടിനോടു് ശുപാർശചെയ്യുന്നു'"

സർ, ഞാൻ ഈ പ്രമേയത്തെക്കുറിച്ചു് അധികം പ്രസംഗിക്കുന്നില്ല. ഗവണ്മെണ്ടു് പ്രമേയം സ്വീകരിക്കുന്നതിനു് വൈമനസ്യം കാണിക്കുകയില്ലെന്നും ഈ പ്രമേത്തിന്റെ തത്വം പ്രവർത്തനപദ്ധതിയിൽ കൊണ്ടുവരുമെന്നുമുള്ള വിശ്വാസത്തോടു് കൂടി ഞാൻ പ്രമേയം ഈ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഗവണ്മെണ്ടു് ഈ പ്രമേയത്തിന്റെ തത്വം സന്തോഷത്തോടുകൂടി അംഗീകരിക്കുന്നു. ഗവണ്മെണ്ടിനു് ഒരാളേയും അപമാനിക്കണമെന്നു് ഉദ്ദേശമില്ല. അങ്ങിനെ വല്ല നടപടിയും ഇന്നുണ്ടെങ്കിൽ അതു ചെയ്യാതിരിക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണു്.

മിസ്റ്റർ സി. എ. ഔസേപ്പ്: "പതിവു്" എന്നാണു് ഈ പ്രമേയത്തിൽ പറയുന്നതു്. അലംനഗരായി" റോഡുകളിൽ നടത്തുക തുടങ്ങിയപതിവുകൾ ഇന്നു് നടപ്പില്ല. അതുകൊണ്ടു് ഈ പ്രമേയം അതേപടി സ്വീകരിക്കാൻ നിവൃത്തിയില്ല.

**Mr. C. V. Iyyu** *(Kunnamkulam)*: Since the Government have accepted it I express my thanks and withdraw my resolution.

**Mr. C. A. Ouseph** *(Minister for Education and Public Health)*: Nothing is accepted, Government does not accept that.

**Mr. C. V. Iyyu** *(Kunnamkulam)*: The principle of the resolution the Government have accepted.

**Mr. K. Ayyappan** *(Minister for Works and Revenue)*: Government does not conceive that there was a practice like this.

**Mr. C. V. Iyyu** *(Kunnamkulam)*: There might have been a practice.

**Mr. K. Ayyappan** *(Minister for Works and Revenue)*: Even അലംനഗന്മാർ will be arrested.

**Mr. C. V. Iyyu** *(Kunnamkulam)*: If there was a practice it may be discontinued.

**Mr. K. Ayyappan** *(Minister for Works and Revenue)*: There was no practice.

**Mr. C. V. Iyyu** *(Kunnamkulam)*: Then of course, I don't move it.

**Mr. President:** The Hon'ble Member has already moved the resolution.

**Mr. C. V. Iyyu** *(Kunnamkulam)*: I withdraw the resolution with the leave of the House.

*Resolution, by leave, withdrawn.*

*Resolution No. 23 not moved*

## RESOLUTION No. 24

### Opening of Cremation and Burial ground

മിസ്സിസ്സ് ടി. ഫ്റാൻസ്സിസ്: *This assembly recommends to Government to open a cremation and a burial Ground for the use of the Hindu population at Mulavukad.*

* Speech not correted by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

സർ, മുളവുകാട് ദേശത്തു് ഉദ്ദേശം പതിനായിരത്തോളം ആളുകൾ ജീവിച്ചു വരുന്നുണ്ടു്. അതു ഒരു ദ്വീപാണു്. അവിടെ രണ്ടു ക്രിസ്ത്യൻ പള്ളികളുണ്ടു്. ഒരു മുസ്ലിംപള്ളിയുമുണ്ടു്. അതുകൊണ്ടു് ഈ രണ്ടുകൂട്ടർക്കും അവിടെ ശവസംസ്കാരത്തിനു് സൗകര്യമുണ്ടു്. എന്നാൽ അവിടെ ഹിന്ദു പോപ്പുലേഷൻ(Population) ധാരാളമുണ്ടു്. അവർക്കവിടെ ശവസംസ്കാരം നടത്തുന്നതിനു് യാതൊരു സൗകര്യവുമില്ല. സ്വന്തം പറമ്പില്ലാത്തപാവങ്ങൾ ആരെങ്കിലും മരിച്ചാൽ ഉടമസ്ഥന്മാരുടെ അനുവാദത്തോടു കൂടിയല്ലാതെ ശവം കഴിച്ചിടാൻ നിവൃത്തിയില്ല. അവർ അനുവദിക്കാതിരുന്നാൽ അവർക്കു് അവിടെനിന്നും ശവം എറണാകുളത്തേക്കു് കൊണ്ടുവരണം. രാത്രികാലങ്ങളിലും മഴക്കാലങ്ങളിലും ഇങ്ങിനെ എറണാകുളത്തേക്കു് കൊണ്ടുവരേണ്ടതായി വരുന്നുണ്ടു്. അതു വളരെ കഷ്ടമാണു്. മരിച്ചാൽ കഴിച്ചിടാനുള്ള ഒരു സൌകര്യം ആ നാട്ടുകാർക്കുണ്ടാക്കിക്കൊടുക്കണം. അതിനു് അവർക്കൊരു ശ്മശാനസ്ഥലം ഉണ്ടാക്കിക്കൊടുക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയം സഭമുമ്പാകെ അവതരിപ്പിക്കുന്നു.

*മിസ്റ്റർ പി. കെ. ഡീവർ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇതു വളരെക്കാലമായിട്ടുള്ള ഒരാവശ്യമാണു്. ബഹുമാനപ്പെട്ട മന്ത്രി പണത്തിന്റെ ദൗർലഭ്യം ഈ കാര്യത്തിൽ പറയരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. മുളവുകാടു് എന്താണ്ടു് എറണാകുളം പട്ടണത്തിലെപോലെതന്നെ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഒരു സ്ഥലമാണു്. വളരെക്കാലമായി ഹിന്ദുക്കൾക്കു അവിടെ ഒരു ശ്മശാനസ്ഥലം വേണമെന്നു് ഗവൺമെണ്ടിനോടു് ആവശ്യപ്പെടാൻ തുടങ്ങിയിട്ടു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഡാക്ടർ എ. ആർ. മേനോൻ മന്ത്രിയായിരുന്ന കാലത്തു് അദ്ദേഹം ഈ സ്ഥലം സന്ദർശിക്കുകയും അതിനെത്തുടർന്നു് അവിടെ ശ്മശാനത്തിനുള്ള സ്ഥലം വില്ലേജ് ഉദ്യോഗസ്ഥന്മാർ അളന്നു് പോയിട്ടുള്ളതുമാണു്. അതിനെ സംബന്ധിച്ചു് ഒരു ഗവൺമെണ്ടു് ഉത്തരവുണ്ടായിട്ടുണ്ടെന്നുകൂടി തോന്നുന്നു. പിന്നീടു് എന്തോ കാരണവശാൽ അതു നീണ്ടുപോയി. അവിടത്തെ ഹിന്ദുക്കളിൽ അല്പം ചിലരെ ഒഴിച്ചാൽ ബാക്കിയുള്ളവർ കൂടികിടപ്പുകാരാണു്. അവരുടെ ആളുകൾ ആരെങ്കിലുംമരിച്ചുകഴിഞ്ഞാൽ ശവസംസ്കാരത്തിനു്വളരെവിഷമമാണു്. എന്നതന്നെയല്ല ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായതുകൊണ്ടു് മരിച്ച സ്ഥലത്തുതന്നെ സംസ്കാരം ചെയ്യുന്നതു് അതിനു് ചുറ്റും താമസിക്കുന്നവർക്കു് വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണു്. ഗവൺമെണ്ടു് പറയുമായിരിക്കും ജീവിച്ചിരിക്കുന്നവർക്കു് വേണ്ട കാര്യങ്ങൾക്കു് നിവൃത്തിയില്ല എന്നിട്ടവേണ്ടെ മരിച്ചവർക്കു് സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ എന്നു്. വാസ്തവം പറഞ്ഞാൽ അവിടെ ഒരു ശ്മശാനസ്ഥലം ഇല്ലാത്തതുകൊണ്ടു് ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നുണ്ടു് ഈ കാര്യത്തിൽ ഗവൺമെണ്ടു് വേണ്ട നടപടികൾ നടത്തുമെന്നു് വിശ്വസിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, കഴിയുന്നതും ഇങ്ങിനെയുള്ള അസൗകര്യങ്ങൾ ജനങ്ങൾക്കു് തീർത്തുകൊടുക്കണമെന്നാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം. മുളവുകാടിന്റെ കാര്യംപോലെതന്നെ ദൂരെയുള്ള പല സ്ഥലങ്ങളിലും ഇത്തരം ബുദ്ധിമുട്ടുകളുണ്ടു്. അതെല്ലാം കഴിയുന്നതും പരിഹരിച്ചു് കൊടുക്കണമെന്നാണു് ഗവൺമെണ്ടിന്റേയും അഭിപ്രായം. ഒരുസംഗതി ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ഉപദ്രവം വരുന്നതു ശ്മശാനം സ്ഥാപിക്കുന്ന കാര്യത്തിലാണു്. ശ്മശാനം കൊടുത്താൽ അതിനു് ചുറ്റുമുള്ള ഏതാനും കുടുംബങ്ങൾക്കു് അതു് ഒരു പബ്ലിക്ക്ച്ചൽ ന്യൂയിസൻസു് (Perpectual nuisance) ആയിരിക്കും. നേരെ മറിച്ചു് മരിക്കുന്നതു് അഞ്ചും ആറും കൊല്ലങ്ങൾ കൂടുമ്പോഴായിരിക്കും. എന്നാൽ ആവലാതി ദിവസവും ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യും. അതുകൊണ്ടു് അത്യാവശ്യമായ സ്ഥലങ്ങളിൽ ശ്മശാനം കൊടുക്കുകയില്ലെന്നു് ഗവൺമെണ്ടു് പറയുന്നില്ല. എന്നാൽ ഇതിന്റെ പ്രായോഗികവശങ്ങളെ കുറിച്ചു് ചിന്തിക്കണം. ശ്മശാന ആവശ്യത്തിലേക്കായി പല സ്ഥലങ്ങളും ഞാൻ പരിശോധിച്ചിട്ടുണ്ടു്, മുളവുകാടു് അതിനുള്ള സ്ഥലം പരിശോധിച്ചും അവിടത്തെ ജനങ്ങൾ, വടക്കെ അറ്റം മുതൽ തെക്കെ അറ്റംവരെയുള്ള ജനങ്ങൾ, ഞങ്ങളുടെ അടുത്തു് സ്ഥലം കൊടുക്കരുതെന്നു് പറഞ്ഞു് ഹർജികൾ കൊണ്ടുവരും. വാസ്തവത്തിൽ ഹിന്ദുക്കൾ മരിച്ചാൽ അവരവരുടെ വീടുകളിൽതന്നെ ദഹിപ്പിക്കുകയൊ കഴിച്ചിടുകയൊ ആണു് പതിവു്. അതുകൊണ്ടു് ആ വീടിന്റെ അടുത്തുള്ള ചില വീ

*Speech not corrected by the Hon'ble member.



LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]

ട്ടുകാർക്ക് തൽക്കാലത്തേക്ക് മാത്രം ഉപദ്രവം ഉണ്ടാകുന്നതേയുള്ളൂ. അതുകൊണ്ട് ഉൾനാടുകളിൽ ശ്മശാനങ്ങൾ സ്ഥാപിക്കേണ്ട കാര്യത്തിൽ ഈ സഭ ശ്രദ്ധ പതിക്കരുതു".

മിസ്റ്റർ പി. കെ. ഡീവർ: മുളവുകാട്ട് സാധാരണ പ്രദേശങ്ങൾപോലെയുള്ള ഒരു ഉൾനാടാണൊ?

മിസ്റ്റർ കെ. അയ്യപ്പൻ: മുളവുകാട്ട് ശ്മശാനം വെക്കാൻ സൗകര്യമുള്ള സ്ഥലമില്ല. എവിടെയെങ്കിലും ഒന്ന് സ്ഥാപിക്കാൻ തീരുമാനിച്ചാൽ അതിനു ചുറ്റും അഞ്ചെട്ടു പറമ്പുകളിൽ താമസിക്കുന്ന ആളുകൾ ഹർജികളുംകൊണ്ടു വരികയായി. ശ്മശാനത്തെ സംബന്ധിച്ച് ആലോചന തുടങ്ങുമ്പോൾ മുളവുകാട്ടുതന്നെയല്ല എല്ലാ സ്ഥലങ്ങളിൽനിന്നും ഇങ്ങിനെ ഹർജികൾ വരുന്നുണ്ട്.

മിസ്റ്റർ വി. കെ. ജോസഫ്: On a point of information Sir, പൊതുജനങ്ങളുടെ ആവശ്യത്തിന്നാണെങ്കിൽ ഒന്നരണ്ടു വ്യക്തികളുടെ എതിർപ്പുകൾ ഉണ്ടായാലും അതിനെ അവഗണിച്ച് ഇതു അനുവദിച്ചു കൊടുക്കേണ്ടതല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ഒന്നരണ്ടു വ്യക്തികൾക്കു മാത്രമല്ല ആക്ഷേപം. അവിടെ ഒരു ശ്മശാനമുണ്ടായാൽ പലസ്ഥലങ്ങളിൽനിന്നും ശവം കൊണ്ടുവരികയും അങ്ങിനെ മിക്കദിവസവും ശവസംസ്കാരം ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യും. അങ്ങിനെ ആ ശ്മശാനത്തിന്നു ചുറ്റുമുള്ള ആളുകൾക്ക് എപ്പോഴും ഉപദ്രവമുണ്ടായിക്കൊണ്ടിരിക്കും. അതിന്റെ അനുഭവം അറിയണമെങ്കിൽ പടിയാത്തു പറമ്പിന്നു ചുറ്റും താമസിക്കുന്നവരോട് ചോദിച്ചാൽ അറിയാം.

മിസ്റ്റർ പി. കെ. ഡീവർ: അവിടെ എത്രയോ ആളുകൾ ഇപ്പോൾ താമസിക്കാനായി പോകുന്നുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: ടൗണിൽ ഒരേക്കറിൽ കൂടുതൽ സ്ഥലമില്ലാത്ത ആളുകൾക്ക് അവരുടെ പറമ്പുകളിൽ ശവസംസ്കാരം ചെയ്യാൻ പാടില്ലെന്നു നിയമമുണ്ട്. എങ്കിലും ഒരേക്കറിൽ കൂടുതൽ സ്ഥലം ഇല്ലാത്ത ആളുകൾകൂടി ഒരേക്കർ സ്ഥലമുണ്ടെന്നു പറഞ്ഞു ഗവർമ്മെണ്ടിന്റെ അനുവാദം മേടിച്ച് അങ്ങിനെ ചെയ്യുന്നുണ്ട്. നേരെ മറിച്ച് ക്രിസ്ത്യാനികളേയും മുസ്ലീമിങ്ങളേയും പോലെയല്ല ഹിന്ദുക്കൾക്ക് കഴിയുന്നതും അവരുടെ ആളുകൾ മരിച്ചാൽ അവർ താമസിക്കുന്ന സ്ഥലത്തുതന്നെ ശവസംസ്കാരം ചെയ്യണമെന്നാണു് ആഗ്രഹം. അവരുടെ കാരണവന്മാരെ തങ്ങളുടെ വാസസ്ഥലത്തുതന്നെ വെച്ചു പൂജിക്കണമെന്നാണ് അവരുടെ മോഹം.

മിസ്റ്റർ പി. കെ. ഡീവർ: അവിടെയുള്ള ഹിന്ദുക്കളുടെ കയ്യിൽനിന്നും കിട്ടുന്ന ഹർജികളിൽ അവിടെ ശ്മശാനം ഉണ്ടാക്കാൻ പാടില്ലെന്നാണൊ പറയുന്നതു?

മിസ്റ്റർ കെ. അയ്യപ്പൻ: ഹിന്ദുക്കളും ഹർജികളും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതു ഈ കാര്യങ്ങളും ശരിയായി മനസ്സിലാക്കാതെ കൊണ്ടുവന്നിട്ടുള്ളതാണു്. അതുകൊണ്ടു ഗവർമ്മെണ്ടു ആദ്യംതന്നെ പറഞ്ഞിട്ടുണ്ടു് ശ്മശാനം അനുവദിക്കുന്നകാര്യത്തിൽ ഗവർമ്മെണ്ടു് എതിരില്ല എന്നു്. എങ്കിലും ഈ വശംകൂടി നിയമസഭ മനസ്സിലാക്കണം.

ഡോക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: സർ, പലസ്ഥലങ്ങളിലും, ജനങ്ങളും അകന്നകന്നു താമസിക്കുന്ന സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞകാര്യം സാദ്ധ്യമാകും. പക്ഷെ മുളവുകാട്ടിൽ അതു സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ പിന്നൊക്കം തള്ളുകയാണു് ചെയ്യുന്നതു്. അവിടെ താമസിക്കുന്നവർക്കു പറമ്പെന്നല്ല മുറ്റം കൂടിയില്ല. അവർ പിന്നെ ശവം എവിടെ കഴിച്ചുമൂടും? സ്ഥലമില്ലാത്തതുകൊണ്ടു് അവർ ഇപ്പോൾ എറണാകുളത്തേക്കാണു് കൊണ്ടുവരുന്നതു്. അതു വളരെ വിഷമമാണു്. എന്റെ അറിവിൽ മുളവുകാട്ടുള്ള ഹിന്ദുക്കൾക്ക് ഇങ്ങിനെയുള്ള ഒരു സ്ഥലം അത്യാവശ്യമാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രിതന്നെ സ്ഥലത്തുപോയി അന്വേഷിച്ചു് അവർക്ക് ഒരു ശ്മശാനസ്ഥലം ഉണ്ടാക്കിക്കൊടുക്കേണ്ടതു അത്യാവശ്യമാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഗവർമ്മെണ്ടു് ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

മിസ്റ്റർ പ്രസിഡന്റ്: ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പറ്റി എന്തുചെയ്യുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിക്കുന്നുവെന്നു പറയുന്നതു ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടിയുള്ള ആലോചനയെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ വാഗ്ദാന മനുസരിച്ച് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

*Resolution, by leave, withdrawn.*

*Resolution No 25. not moved.*

## RESOLUTION No. 26

### PUBLICATION OF THE REPORT REGARDING PORINGALKUTHU PROJECT

മിസ്റ്റർ സി. വി. ഇയ്യു: "പെരിങ്ങൽകുത്ത് പദ്ധതി സംബന്ധിച്ചു പരാതികളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനു നിയമിക്കപ്പെട്ട പ്രത്യേക മജിസ്ട്രേറ്റ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും തൽസംബന്ധമായ മറ്റു റിക്കാർഡുകളും ഉടനെ പ്രസിദ്ധീകരിപ്പാൻ ഈ സഭ ഗവണ്മെണ്ടിനോട് ശുപാർശ ചെയ്യുന്നു."

സർ, ഈ കാര്യത്തെ സംബന്ധിച്ച് വളരെ അധികം പണം ചിലവാക്കി ഒരന്വേഷണം നടത്തി.

**Mr. President:** Was there not a motion on this already?

**Mr. C. V. Iyyu** *(Kunnamkulam)*: There were cut motions. But Government promised that orders would be passed during this session.

**Mr. K. Ayyappan** *(Minister for Works and Revenue)*: Government never promised that orders will be passed during this session.

**Mr. C. V. Iyyu** *(Kunnamkulam)*: Government did say that orders will be passed before this session is over Till orders are passed, the Government even said that the report cannot be published. The Government even requested the House not to press for an answer then!

**Mr. P. K. Dewer** *(Labour)*: Whatever may be the answer of Government, may I know whether a member can discuss the motion which raises a question identical with the provious one.

**Mr. President:** Under S. O. 22, the motion must not raise a question substantially identical with one on which the Assembly has given a decision in the same session. I am only enquiring whether a decision has been arrived at the previous session.

**Mr. C. V. Iyyu** *(Kunnamkulam)*: I think there was no motion. Even then the motion was withdrawn, because of the promise given by the Government.

**Mr. P. Govinda Menon** *(Minister for Finance and Law)*: Since leave to withdraw was given to him, the decision was arrived at. He asked for leave to withdraw and leave was granted after a decision was arrived at by the House.

**Mr. C. V. Iyyu** *(Kunnmakulam)*: Taking a decision is by pressing the motion to a division. Withdrawal is not tantamount to taking a decision. Giving leave to withdraw is not a decision of the House. Even now I feel that no such motion was even moved, in view of the promise of the Government.

**Mr. President:** Was the motion moved?

**Mr. C. V. Iyyu** *(Kunnamkulam)*: No motion was moved.

**Mr P. K. Dewer** *(Labour)*: That may be looked into.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനു പ്രത്യേകം മറുപടി പറയാനൊന്നുമില്ല. മന്ത്രി പറഞ്ഞിട്ടുള്ളതു തന്നെയാണ് ഇപ്പോഴും പറയാനുള്ളതു.

മിസ്റ്റർ പി. കെ. ഡീവർ: പ്രമേയം മൂവ് ചെയ്തിട്ടില്ല.

മിസ്റ്റർ സി. വി. ഇയ്യു: മൂവ് ചെയ്തിട്ടുണ്ട്.

**Mr. P. Govinda Menon** *(Minister for Finance and Law)*: Can the very same Member always second the motion? (Laughter).

**Mr. K. Ayyappan** *(Minister for Works and Revenue)*: I have no objection to the resolution being moved.

**Mr. President:** I have got objection if the rules are otherwise.

**Mr. C. V. Iyyu** *(Kunnamkulam)*: Questions were put on the subject and the Government gave answers. In view of the replies neither I nor any other member did not move any motion on this subject. I am certain.

**Mr. President:** Cannot the Government accept the statement of the Hon'ble Member that the motion was not moved?

**Mr. P. Govinda Menon** *(Minister for Finance and Law)*: Yes.

**Mr. President:** We accept your word.

മിസ്റ്റർ സി. വി. ഇയ്യു: ഇതിനെ സംബന്ധിച്ചു ഒരു പ്രസംഗം ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഇതുവരെ ഇതിനെ സംബന്ധിച്ചുള്ള റിക്കാർഡുകളും റി

LIBRARY ARCHIVES Kerala Legislative Assembly